പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1919 — 10.03.2020 -ൽ മറുപടിക്ക്

## അന്നപൂർണ്ണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.ആർ. രാജേഷ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി അന്നപൂർണ്ണ പദ്ധതി നിലവിലുണ്ട്. |
| (ബി) ഇതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പാക്കുന്ന ദേശീയ സാമൂഹ്യ സഹായ പരിപാടിയുടെ ഭാഗമായ അന്നപൂർണ്ണ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെട്ടുത്തിയിട്ടുള്ളത് ;<br><br>(സി) അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എന്തെല്ലാമാണെന്നും പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ? | (ബി) & (സി) അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം, നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം എന്നിവയാണ് പദ്ധതിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ. |

**സെക്ഷൻ ഓഫീസർ**